CHANDRIKA - 02-09-2024

# സിഫ്റ്റ് ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു

മട്ടാഞ്ചേരി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റും സൊസൈറ്റി ഓഫ് ഫിഷറീസ് ടെക്നോളജിസ്റ്റ് ഇന്ത്യയും (സോഫ്ടി) സഹകരിച്ച് 'അക്വാ ഫുഡ് എക്സലൻസ്: മൽസ്യസംസ്കരണ രംഗത്തെ നൂതന ആശയങ്ങൾ' എന്ന വിഷയത്തിൽ ഇന്ന് മുതൽ 4 വരെ സിഫ്റ്റിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. ജലജന്യ ഉൽപന്നങ്ങളുടെ മൂല്യവും സുസ്ഥിരതയും വർധിപ്പിക്കുന്നതിനായുള്ള മത്സ്യ സംസ്കരണ വ്യവസായത്തിലെ ഏറ്റവും പുതിയ നൂതന ആശയങ്ങളെ കുറിച്ച് സെമിനാർ ചർച്ച ചെയ്യും. ഉച്ച കഴിഞ്ഞ് 3: 30 ന് സംസ്ഥാന വ്യവസായം, നിയമം, കയർ വകുപ്പ് മന്ത്രി പി. രാജീവ് സെമിനാർ ഉദ്ഘാടനം ചെയ്യും. പ്രൊഫ. ഡോ. ബി. മധുസുദന കുറുപ്പിന് ഉദ്ഘാടന ചടങ്ങിൽ അവാർഡ് സമ്മാനിക്കും. വിവിധ മേഖലകളിൽ നിന്നുള്ള ഏകദേശം നൂറോളം പ്രതിനിധികൾ സെമിനാറിൽ പങ്കെടുക്കും.